# ഇന്ദ്രീയങ്ങൾ: അക്ഷരങ്ങൾ

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

വചനവർണ്ണം.
വാചകഗന്ധം.
വാചനരുചി.
ആശയസ്പർശം.
മഷിമുക്കുശ്രവണം.

കന്നിക്കടലാസ്സുസുഷിരം:
തലച്ചോറിൽ,
ജീവഞരമ്പിൽ,
ഊറുന്ന സങ്കീർണ്ണത –
കോശസംവാദ-
വിജ്ഞാനപോഷം.
അറ്റമില്ലാ-
ത്തുടർക്കഥാ-
യിന്ദ്രീയജ്ജാല്യത.

ഇരുളും വാതിലടപ്പിൽ
മഴയുള്ള രാത്രിയിൽ
കൊടുങ്കാറ്റു വീശും
ശീല്ക്കാര സത്വം
സർഗ്ഗവാജീകരണ
സത്യസത്തയാകും.
**************************************